# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5194 | 27.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **സമ്പുഷ്ടകേരളം പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സമ്പുഷ്ടകേരളം പദ്ധതി ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സമ്പുഷ്ടകേരളം പദ്ധതി ആദ്യഘട്ടത്തിൽ<br>1 മലപ്പുറം<br>2 കണ്ണൂർ<br>3 വയനാട്<br>4 കാസർഗോഡ് എന്നീ ജില്ലകളിലാണ് ആരംഭിക്കുന്നത്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | ബി) ഒരു ജീവിതചക്ര സമീപനത്തിലൂടെ തത്സമയ വളർച്ച നിരീക്ഷണവും യഥാസമയത്തുള്ള ഇടപെടലുകളും വഴി കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറു വയസിനു താഴെയുള്ള കുട്ടികൾ എന്നിവരുടെ പോഷണ വൈകല്യങ്ങൾ പരിഹരിച്ച് ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനാണ് ഈ പോഷണ ദൗത്യം ഊന്നൽ നൽകുന്നത്.<br>**പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു**<br>വളർച്ച മുരടിപ്പ് (Stunting) (0-6 വയസ്സ് വരെയുള്ള കുട്ടികൾ) - 6 % കുറയ്ക്കുക<br>തൂക്കക്കുറവ് (Under weight) (0-6 വയസ്സ് വരെയുള്ള കുട്ടികൾ) - 6 % കുറയ്ക്കുക<br>വിളർച്ച (Anemia) (6-59 മാസം) - 9% കുറയ്ക്കുക |

| | |
|---|---|
| | വിളർച്ച (15-49 വയസ്സിന് മദ്ധ്യേയുള്ള സ്ത്രീകളിലും കൗമാരപ്രായക്കാരായ പെൺകുട്ടികളിലും ) - 9% കുറയ്ക്കുക വളർച്ച ശോഷണം (Wasting) (0-6 വയസ്സ് വരെയുള്ള കുട്ടികൾ) - 6 % കുറയ്ക്കുക<br>ഈ ലക്ഷ്യങ്ങൾ മൂന്നു വർഷം കൊണ്ട് കൈവരിക്കേണ്ടവയാണ്. |
| സി) പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയ്ക്കായി താഴെത്തട്ടിൽ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | സി) പദ്ധതിയുടെ പ്രവർത്തനത്തിനു ജില്ലാതലത്തിൽ ജില്ലാ വനിത ശിശുവികസന വകുപ്പ് ഓഫീസർ, പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർ എന്നിവർക്ക് പുറമെ ജില്ലാ കോർഡിനേറ്റർ, പ്രോജക്റ്റ് അസിസ്റ്റന്റ് എന്നിവരേയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് കോർഡിനേറ്റർ, ബ്ലോക്ക് പ്രോജക്റ്റ് അസിസ്റ്റന്റ് എന്നിവരേയും കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമിക്കുവാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ